LIBRARY ARCHIVES Kerala Legislative Assembly

ടി.എം. ചിറ പാലത്തിന്റെ നിർമ്മാണ പുരോഗതി

96 (1801) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലം നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

കായംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ ടി.എം. ചിറ പാലത്തിന്റെ നിർമ്മാണത്തിനായി NABARD RIDF-XIX-ൽ ഉൾപ്പെടുത്തി 260 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായി സ്ഥലം ലഭ്യമാകാതെ വന്നതിനെത്തുടർന്ന് ചീഫ് എഞ്ചിനീയർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ കൂട്ടായി സൈറ്റ് സന്ദർശിച്ച് ആയതിന്റെ അലൈൻമെന്റ് പുനർ നിർണ്ണയിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ അതിരിൽ കൂടിയാണ് പുതുക്കിയ അലൈൻമെന്റ് നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ പെർമിസീവ് സാങ്ഷൻ നല്കിയിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം അപ്രോച്ച് റോഡിന്റെ നീളം കൂടിയതിനാലും അലൈൻമെന്റിന്റെ ഒരു ഭാഗത്ത് ഫിഷറീസ് വകുപ്പിന്റെ മീൻ വളർത്തൽ കുളവും മറുവശത്ത് കായലും ആയതിനാൽ റോഡ് സംരക്ഷണ ഭിത്തി ആവശ്യമായി വന്നതിനാലും താഴ്ന്ന പ്രദേശമായതിനാലും ഫില്ലിംഗ് കൂടുതൽ ആവശ്യമായി വന്നതിനാലും എസ്റ്റിമേറ്റ് പുതുക്കേണ്ടതായി വന്നിട്ടുണ്ട്. അപ്രകാരം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തി ഉടൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി

97 (1802) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴീക്കൽ തുറമുഖം ഉദ്ഘാടനത്തിന് ശേഷം മത്സ്യബന്ധന ബോട്ടുകൾ അടുപ്പിക്കാൻ കഴിയുന്നില്ലായെന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടക്കുന്നില്ല എന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പോർട്ടിന് ആവശ്യമായ പ്ലാറ്റ്ഫോറം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?